പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1023** **14-10-2026-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ കടാശ്വാസം മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

**മറുപടി:** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് ഫണ്ട് അനുവദിച്ച് നൽകിയിട്ടില്ല.

**(ബി)** നടപ്പ് വർഷം കടാശ്വാസകമ്മീഷന്റെ പ്രവർത്തനത്തിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

**മറുപടി:** നടപ്പ് വർഷം കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തിനായി ശമ്പളയിനത്തിൽ 34,64,437/- രൂപയും ശമ്പളേതര ഇനത്തിൽ 1,04,484/- രൂപയും, ആകെ 35,68,921/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**(സി)** മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**മറുപടി:** നിലവിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തന കാലാവധി 30/9/2026 വരെയാണ് നൽകിയിരുന്നത്. കടാശ്വാസ കമ്മീഷന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**